LIBRARY ARCHIVES Kerala Legislative Assembly

ലിക്വിഡേഷൻ നടപടികൾക്ക് വിധേയമായ സംഘത്തിന്റെ സ്ഥാവരവസ്തുക്കൾ ഉപയോഗപ്രദമാക്കുവാനും സാധിക്കുകയുള്ളൂ. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ സംഘങ്ങളൊന്നും തന്നെ സമാപ്തീകരിച്ചിട്ടില്ല. ലിക്വിഡേഷനിൽ ആയി കഴിഞ്ഞാൽ സഹകരണ നിയമം വകുപ്പ് 101 അനുസരിച്ച് സഹകരണ സംഘത്തിൽ സർക്കാരിന് ഇടപ്പെട്ട് സംഘം വക ഭൂമി ബാദ്ധ്യത തീർത്ത് ഉപയോഗപ്പെടുത്താൻ സാധിക്കുന്നതാണ്. ഇത്തരത്തിൽ ദീർഘകാലമായി അടഞ്ഞുകിടക്കുന്ന സംഘങ്ങളെ തൊട്ടടുത്തുള്ള പ്രവർത്തനമുള്ള സംഘങ്ങളുമായി സംയോജിപ്പിച്ചും (അമാൽഗമേഷൻ), ഡി.എഫ്. മില്ലുകൾ, മറ്റ് മെഷിനറികൾ എന്നിവ സ്ഥാപിക്കുന്നതിന് സംഘങ്ങളുടെ ഭൂമി ഉപയോഗിക്കുന്നതിനും ശ്രമിച്ചു വരുന്നുണ്ട്.

കയർ ഭൂവസ്ത്ര പദ്ധതി

222 (607) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പാറശ്ശാല നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കുകയുണ്ടായി എന്ന് അറിയിക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് പാറശ്ശാല നിയോജകമണ്ഡലത്തിലെ അമ്പൂരി, ആര്യങ്കോട്, കളളിക്കാട്, കൊല്ലയിൽ, കുന്നത്തുകാൽ, ഒറ്റശേഖര മംഗലം, പാറശ്ശാല, പെരുങ്കടവിള, വെള്ളറട എന്നീ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കുകയുണ്ടായി.

(ബി) ഓരോ പഞ്ചായത്തിലും ഇതിനായി ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ ഭൂവസ്ത്ര പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ ഭൂവസ്ത്ര പദ്ധതിപ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിലെ ഒറ്റശേഖരമംഗലം പഞ്ചായത്തിൽ 73,500 രൂപയുടെ 1000 സ്ക്വയർ മീറ്ററും വെള്ളറട പഞ്ചായത്തിൽ 2,35,200 രൂപയുടെ 3200 സ്ക്വയർ മീറ്ററും കയർ ഭൂവസ്ത്രം ഉപയോഗിച്ച് പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.